## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

### എം.എൻ.ആർ.ഇ.ജി.പി.യുടെ നടത്തിപ്പ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3379** **08-11-2019-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | എം.എൻ.ആർ.ഇ.ജി.പി യിൽ ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമം അനുശാസിക്കുന്നുവെങ്കിലും അപ്രകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; | (എ) | ഇല്ല. |
| (ബി) | തൊഴിലാളികൾക്ക് നിലവിൽ കൂലി കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 2019-20 സാമ്പത്തിക വർഷം 31.10.2019 വരെ 59337.96 ലക്ഷം രൂപ കൂലി കുടിശ്ശികയുണ്ട്. |
| (സി) | കൂലിയിനത്തിനുള്ള തുകയുടെ എത്ര ശതമാനമാണ് കേന്ദ്രവിഹിതമെന്ന് അറിയിക്കാമോ; ഇക്കാര്യത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമോ പ്രതിബന്ധമോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കൂലിയിനത്തിലുള്ള തുകയുടെ 100 ശതമാനവും കേന്ദ്ര വിഹിതമാണ്. കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ പ്രത്യേക തടസ്സമോ പ്രതിബന്ധമോ നിലവിലില്ല. |
| (ഡി) | മുൻ വർഷത്തെക്കാൾ ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്രം കുറവ് വരുത്തിയിട്ടുണ്ടോ; സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തൊഴിലുറപ്പ് പദ്ധതിയെ ദോഷകരമായി ബാധിക്കുന്ന സ്ഥിതി വിശേഷം ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 2018-19 സാമ്പത്തിക വർഷവും 2019-20 സാമ്പത്തിക വർഷവും 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ നല്കിയിട്ടുണ്ട്.<br>ഇല്ല. |

സെക്ഷൻ ഓഫീസർ